"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീ. ഉണ്ണികൃഷ്ണൻ.പി, അസിസ്റ്റന്റ് രജിസ്ട്രാർ. പ്രൊജക്ട് ഓഫീസ് (കയർ), തൃശ്ശൂർ എന്നവരെ കുടുംബശ്രീ പാലക്കാട് ജില്ലാ മിഷനിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2649/2025/LSGD തീയതി,തിരുവനന്തപുരം, 03-11-2025

---

പരാമർശം:-
1. 10/05/2013-ലെ 42/2013/ധന നം. സർക്കുലർ
2. 28/11/2013-ലെ സ.ഉ.(പി)നം.580/2013/ധന
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21/09/2025, 19.10.2025 തീയതികളിലെ 1475/E1/2025/KSHO നമ്പർ കത്ത്.
4. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ 01.11.2025-ലെ B2/129/2025-SEC-Part(2) നമ്പർ ഉത്തരവ്

**<u>ഉത്തരവ്</u>**

ശ്രീ. ഉണ്ണികൃഷ്ണൻ.പി, അസിസ്റ്റന്റ് രജിസ്ട്രാർ. പ്രൊജക്ട് ഓഫീസ് (കയർ), തൃശ്ശൂർ എന്നവരെ കുടുംബശ്രീ പാലക്കാട് ജില്ലാ മിഷനിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് പരാമർശം (3) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഉണ്ണികൃഷ്ണൻ.പി, അസിസ്റ്റന്റ് രജിസ്ട്രാർ, പ്രൊജക്ട് ഓഫീസ് (കയർ), തൃശ്ശൂർ എന്നവരെ കുടുംബശ്രീ പാലക്കാട് ജില്ലാ മിഷനിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ കേരള സർവ്വീസ് റൂൾസ് ഭാഗം -1, ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും , ടി അന്യത്ര സേവനം നടപ്പാക്കുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരണാധികാരിയായി ടി ഉദ്യോഗസ്ഥനെ കമ്മീഷൻ വിജ്ഞാപനം ചെയ്തിട്ടില്ലെന്നും, ടി ഉദ്യോഗസ്ഥന് പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിലവിൽ ചുമതല നൽകപ്പെട്ടിട്ടില്ല എന്നും ഉറപ്പാക്കണമെന്നുമുള്ള തെരഞ്ഞെടുപ്പ് കമ്മീഷന്റെ പരാമർശം (4) പ്രകാരമുള്ള വ്യവസ്ഥകൾക്കും വിധേയമായി, ഒരു വർഷത്തേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

3. മേൽ നിബന്ധനകൾക്ക് പുറമെ അന്യത്ര സേവനത്തിനു വിധേയനായ ഉദ്യോഗസ്ഥൻ എത്രയും വേഗം ചാർജെടുത്തിരിക്കണമെന്നുമുള്ള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ പരാമർശം (4) പ്രകാരമുള്ള നിബന്ധന കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വിനീത വി ആർ

അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ശ്രീ. ഉണ്ണികൃഷ്ണൻ.പി, അസിസ്റ്റന്റ് രജിസ്ട്രാർ. പ്രൊജക്ട് ഓഫീസ് (കയർ), തൃശ്ശൂർ (വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/304/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 03-11-2025 16:35:10

സെക്ഷൻ ഓഫീസർ